LIBRARY ARCHIVES Kerala Legislative Assembly

സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി

282 (2838) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽപ്പെടുത്തി (2013-14) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കുളക്കട ഗ്രാമപഞ്ചായത്തിൽപ്പെട്ട അംബേദ്കർ കോളനി നവീകരണത്തിനുള്ള നിർദ്ദേശങ്ങൾ അനുമതിക്കായി പട്ടികജാതി ഡയറക്ടർ ഓഫീസിൽ ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ അനുമതിക്കായി ലഭിച്ചത് എന്നാണ് ;

(സി) അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി അടിയന്തിരമായി ഉടനുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ 15-7-2014-ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് ആദ്യ ഗഡുവായ 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

അരൂർ മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമങ്ങൾ

283 (2839) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽപ്പെടുത്തി അരൂർ മണ്ഡലത്തിലെ നരിയണ്ടി കോളനിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇത്തിത്താറ കോളനി വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; ഈ പ്രവൃത്തികൾ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത് ; നാളിതുവരെയായി പ്രവർത്തനങ്ങൾ യാതൊന്നും ഉടങ്ങിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലവിൽ ഏൽപ്പിച്ച ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയോഗിക്കുന്നതിന് സാധിക്കുമോ ; എങ്കിൽ ആയതിന്റെ നടപടിക്രമം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി അരുർ നിയോജക മണ്ഡലത്തിലെ നരിയാണ്ടി കോളനിയിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

പാർശ്വഭിത്തി 800 മീറ്റർ പൂർത്തീകരിച്ചു.

റോഡ് നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു.

ബോക്സ് കൾവർട്ട് 2 എണ്ണം പൂർത്തിയായി.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 20-2-2014-ൽ കോളനിയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത് :

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

മൂന്ന് റോഡുകളുടെ നിർമ്മാണം

കോൺക്രീറ്റ് നടപ്പാത

കോൺക്രീറ്റ് സ്ലാബ് പാലങ്ങൾ

സ്ട്രീറ്റ് ലൈറ്റ്

കുടിവെള്ള പദ്ധതി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുടെ മുൻഗണനാലിസ്റ്റ് 21-7-2014-ന് നൽകിയിരുന്നെങ്കിലും എസ്റ്റിമേറ്റ് ഇതുവരെ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കുന്നത് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരാണ്. എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും എം.എൽ.എ.-യ്ക്ക് പുതിയ ഏജൻസിയെ നിർദ്ദേശിക്കാവുന്നതാണ്.

കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ

284 (2840) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :